# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണ്ടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.7/123/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണ്ടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.7/123/2022 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 27-12-2021 | 05-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-12-2021 | 05-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി.പി.രാധാകൃഷ്ണൻ ഓഡിറ്റ് ഓഫീസർ
ശ്രീമതി മായാദേവി.സി.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുഷ.റ്റി.പിള്ള അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ.ജി സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി (വരെ) |
|---|---|---|---|

| | | (മുതൽ) | |
|---|---|---|---|
| ശ്രീ.ശിവൻകുട്ടി.ഐലാരത്തിൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഹരികുമാർ.കെ.ബി | സെക്രട്ടറി | 01-04-2019 | 01-12-2019 |
| ശ്രീമതി. ഷൈലജ.പി.എം | സെക്രട്ടറി | 02-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അതിഭ.പി.ബി. | കൃഷി ഓഫിസർ | 01-04-2019 | 04-08-2019 |
| ശ്രീ.ആര്യനാഥ്. വി | കൃഷി ഓഫീസർ | 05-08-2019 | 12-11-2019 |
| ശ്രീമതി. മഞ്ജുഷ എൻ.എ | കൃഷി ഓഫീസർ | 12-11-2019 | 31-03-2020 |
| ഡോ.വി.ഹരികുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 30-11-2019 |
| ഡോ. സ്മിത | വെറ്ററിനറി സർജൻ | 01-12-2019 | 31-03-2020 |
| ശ്രീമതി.അനശ്രീ. എസ്സ് | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2019 | 13-12-2019 |
| ശ്രീമതി.പ്രീതാകുമാരി.പി.സി. | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 14-12-2019 | 31-03-2020 |
| ഡോ.ചിത്രാ സാബു | മെഡിക്കൽ ഓഫീസർ .പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ. പാർവ്വതി.സി.എ | മെഡിക്കൽ ഓഫിസർ. ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീമതി.ഗീത | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്സ് | 01-04-2019 | 06-06-2019 |
| ശ്രീമതി.ബിനി.പി | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്സ | 07-06-2019 | 31-03-2020 |
| ശ്രീ.ഷിബു | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 24-07-2019 |
| ശ്രീമതി.മേരിജിഷ. പി.ജെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 25-07-2019 | 31-03-2020 |
| ശ്രീമതി. റെജിമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ രാധിക ആർ.നായർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 10-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-10 |
| 11 | പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ നടത്തിയിട്ടില്ല<br>Written By: Maneshkumar G (Senior Grade Auditor, On 07-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട്-സ്ഥാപന തൊഴിൽ നികുതി അറിയിപ്പിനെ തുടർന്ന് ഈടാക്കി-<br>Written By: Maneshkumar G (Senior Grade Auditor, On 07-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-12 |
| 13 | ഇ-ടെണ്ടർ ഫീസ് -തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-13 |
| 14 | മരാമത്ത് പ്രവൃത്തികളിൽ നിന്നും ഫൈൻ ഈടാക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-14 |
| 15 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ആദായ നികുതി 5538 രൂപ ഈടാക്കി -ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Susha.T.Pillai (Asst. Audit Officer, On 05-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-15 |
| 16 | സാക്ഷരത തുല്യതാ പരീക്ഷ - രേഖകൾ ഹാജരാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-16 |

| | | |
|---|---|---|
| 17 | പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 06-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 1-17 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S Mayadevi (Asst. Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S Mayadevi (Asst. Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: C.S Mayadevi (Asst. Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: C.S Mayadevi (Asst. Audit Officer, On 07-01-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 07-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.S Mayadevi (Asst. Audit Officer, On 07-01-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 07-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: C.S Mayadevi (Asst. Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S Mayadevi (Asst. Audit Officer, On 07-01-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 24-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 24-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-02-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 21-02-2019 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 67873207 | 75314000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം &എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | 43716120 | 46100621 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31-07-2020 | 3-06-2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7208756 |
| വരവ് | 28175867 |
| ആകെ | 35384623 |
| ചെലവ് | 29178410 |
| നീക്കിയിരിപ്പ് | 6206213 |
| തടസ്സപ്പെടുത്തിയ തുക | |
| നിരാകരിച്ച തുക | |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

ഫണ്ട് വിനിയോഗം (എസിആർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 137590000 | 13759000 | 4912654 | 8846346 |
| വികസനഫണ്ട് എസ്.സി.പി. | | 5759294 | 5759294 | 3459849 | 2299445 |
| വികസനഫണ്ട് ടി.എസ്.പി. | | ൦ | ൦൦ | ൦ | ൦ |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3251000 | 3251000 | 2482179 | 768821 |
| സംരക്ഷണഗ്രാന്റ് റോഡ് | | 4192000 | 4192000 | 1708177 | 2483823 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5420336 | 5420336 | 3162034 | 2258302 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 130 | 24952000 | 73 | | 50 | 7 | 56.15% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2858 | 815301 | 818159 | 816041 | 2118 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 8868529 | 8868529 | 8868529 | |
| ആകെ | 2858 | 9405041 | 9407899 | 9405781 | 2118 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21000 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 2131200 | 301 |
| വിധവാപെൻഷൻ | 2055600 | 326 |
| വാർദ്ധക്യകാലപെൻഷൻ | 5636400 | 647 |
| വികലാംഗപെൻഷൻ | 920300 | 89 |
| അവിവാഹിത പെൻഷൻ | 42000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 03.01.2022-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 16,665/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എന്നിരുന്നാലും തനതു വരുമാനം കുറവുള്ള ഒരു പഞ്ചായത്ത് എന്ന നിലക്ക് തനത് വരവിൽ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതും, പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതും തനത് വരവിൽ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ സഹായിക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. മുൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 7 പ്രകാരം നിക്ഷേപമിനത്തിൽ ബാലൻസ് നിൽക്കുന്ന തുക 307160/- രൂപയും ഈ ഇനത്തിലുള്ള തൻവർഷത്തെ വരവ്, ചെലവ് എന്നിവ ഉൾപ്പടെ ബാലൻസ് തുക 285119/- രൂപയ്ക്ക് പകരം വാർഷിക ധനകാര്യ പത്രികയിൽ ഷെഡ്യൂൾ ബി 7 പ്രകാരം ബാലൻസ് നിൽക്കുന്ന തുക 280709/-രൂപയാണ്. 4410/- രൂപയുടെ വ്യത്യാസം കാണുന്നു.

2. മുൻവർഷത്തെ ഷെഡ്യൂൾ ബി 11 പ്രകാരം ഫിക്സഡ് അസെറ്റ് ബാലൻസ് നിൽക്കുന്ന തുക 13283856/- രൂപയും തൻവർഷത്തെ ആർ.പി സ്റ്റേറ്റ്മെന്റ് RP 38 പ്രകാരം ഫിക്സഡ് അസെറ്റ്സ് 703461/-രൂപയും ഉൾപ്പടെ ബി 11 പ്രകാരമുള്ള തുക 13987317/- രൂപയാണ്. എന്നാൽ ബി 11 പ്രകാരം 13560167/- രൂപയെന്ന് കാണുന്നു. 427150/- രൂപയുടെ വ്യത്യാസം കാണുന്നു.

മേൽപ്പറഞ്ഞ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 05-01-2022) മറുപടി ലഭിച്ചില്ല. വാർഷിക കണക്കിലെ അപാകതകൾ പരിശോധിച്ച് പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-11 പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നതായി ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്ററിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെപേര്, അഡ്രസ്സ് | സ്ഥാപനം | വാർഡ് കെട്ടിടനമ്പർ |
|---|---|---|---|
| 1 | ശോശമ്മ സ്കറിയ മണക്കുന്നേൽ വീട്, പാണ്ടനാട് | M A M മെഡിക്കൽ ലാബോറട്ടറി | VIII -16 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല. ആയതിനാൽ സ്ഥാപനം എല്ലാ വർഷവും രജിസ്ട്രേഷൻ പുതുക്കുന്നുമില്ല. ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്നതിനൊടൊപ്പം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതികൂടി ലഭ്യമാക്കുന്ന (സർക്കുലർ നമ്പർ 47724/ ഡി.സി.1/ 11/എൽ.എസ്.ജി.ഡി.തീയതി.09.12.2012) രേഖകളും ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളെ റജിസ്ട്രേഷൻ നടപടിക്രമങ്ങൾക്ക് വിധേയമാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഓഡിറ്റ് ഇംപാക്ട്-സ്ഥാപന തൊഴിൽ നികുതി അറിയിപ്പിനെ തുടർന്ന് ഈടാക്കി-

2019-20 സാമ്പത്തികവർഷം മാവേലി സ്റ്റോർ, പാണ്ടനാട് എന്ന സ്ഥാപനത്തിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. നികുതി ഈടാക്കാഞ്ഞതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ-05/03.01.2022) നൽകിയതിന്മേൽ സ്ഥാപനത്തിൽ നിന്നും നികുതിത്തുക 5000/ രൂപ ഈടാക്കി (രസീത് നമ്പർ-280100102/05.01.2022) ഓഡിറ്റിനെ അറിയിച്ചു. തുടർവർഷങ്ങളിൽ അപാകത ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ഫീസ് -തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

28/9/13 ലെ ജി.ഒ. (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20 വർഷം ഇ -ടെണ്ടർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ചതും എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അടച്ചതുമായ തുകയുടെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം.2/തീയതി 31-12-2021 മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 മരാമത്ത് പ്രവൃത്തികളിൽ നിന്നും ഫൈൻ ഈടാക്കുന്നില്ല

സർക്കുലർ നം.എസി.2/223/2015 തീയതി. 18-8-2018 പ്രകാരം കരാർ ലംഘന നടപടികൾ സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിരുന്നു. ഇതുപ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവർത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ ആറുമാസം ഏതാണോ കുറവ് അത് അനുവദിക്കാവുന്നതാണെന്നും പരമാവധി കാലാവധി ആ പ്രവർത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി മാത്രമായിരിക്കും എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആദ്യത്തെ മൂന്നുമാസം വരെ കരാർ തുകയുടെ 1% തുകയും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2 % തുകയും പിഴ ഈടാക്കാവുന്നതാണ്. (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000). താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ പിഴ ഈടാക്കിക്കൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. തീയതി) മഴയും വെള്ളക്കെട്ടും കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ താമസിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കാരണം അറിയിച്ച് കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ്.

| പദ്ധതിയുടെ പേര് | പ്രവൃത്തി | എം. ബുക്കിൽ | ഈടാക്കേണ്ട പിഴ |
|---|---|---|---|

| കരാറുകാരന്റെ പേര്/കരാർ തീയതി | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | അവസാന അളവ് രേഖപ്പെടുത്തിയ തീയതി | |
|---|---|---|---|
| താഴോൻപടി-മേടപ്പടി റോഡ് കോൺക്രീറ്റിംഗ്. പ്രോജക്ട് നം.38/19-20 /തീയതി20-08-2019<br>കരാർതുക -210925 | 20-11-19 | 28-12-2019 | 21-11-2019 മുതൽ 28-12-2019 വരെ 210925x1/100= 2109/- രൂപ |

ആകെ2109/- - രൂപ ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്.

## 1-15 ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ആദായ നികുതി 5538 രൂപ ഈടാക്കി -ഓഡിറ്റ് ഇംപാക്റ്റ്

2019-20 ൽ പാണ്ടനാട് ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലും കേരള വാട്ടർ അതോറിറ്റിയുടെ പ്രായിക്കര പമ്പ് ഹൗസിൽ നിന്നും കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്തതിന് ശ്രീ . ഷാജി.എൻ, ആഞ്ഞിലിവിളയിൽ എന്ന വ്യക്തിക്ക് ഒരു കിലോമീറ്ററിന് 50/-രൂപ നിരക്കിൽ ആകെ 553715/- രൂപ നല്കിയിട്ടുണ്ട് .

വിശദാംശം ചുവടെ ചേർക്കുന്നു .

| വൗച്ചർ നം./തീയതി | ചെക്ക് നം/തീയതി | തുക | വെള്ളം നല്കിയ കാലയളവ് |
|---|---|---|---|
| 21900105/16.05.19 | 1337524/16.05.19 | 218847 | 01.04.2019-30.04.2019 |
| 21900123/28.05.19 | 1337525/27.05.19 | 113080 | 01.05.2019-15.05.2019 |
| 21900165/11.06.19 | 1337529/11.06.19 | 119438 | 16.05.2019-31.05.2019 |
| 21900201/27.06.19 | 1337531/29.06.19 | 102350 | 01.06.2019-14.06.2019 |
| ആകെ തുക | | 553715 | |

ചെങ്ങന്നൂർ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനായി തഹസിൽദാർ ക്ഷണിച്ച സി.4.2000/2019/15.03.2019 ക്വട്ടേഷനിലെ 7-ം നമ്പർ നിബന്ധനയിൽ കുടിവെള്ള വിതരണം നടത്തുന്ന കരാറുകാർക്ക് കരാർ തുക നല്കുന്ന മുറയ്ക്ക് നിയമാനുസൃതമുള്ള ആദായ നികുതി അടയ്ക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു . ഇപ്രകാരം 1% ആദായ നികുതി 5537.15/- രൂപ ഈടാക്കിയിട്ടു വേണമായിരുന്നു ശ്രീ .ഷാജിക്ക് കുടിവെള്ളം വിതരണം ചെയ്തതിനുള്ള തുക അനുവദിക്കേണ്ടിയിരുന്നതെങ്കിലും ക്വട്ടേഷൻ വ്യവസ്ഥകൾക്ക് വിരുദ്ധമായി കുടിവെള്ളം വിതരണം ചെയ്തതിനുള്ള മുഴുവൻ തുകയും ശ്രീ . ഷാജിക്ക് അനുവദിച്ചതായാണ് തനതു ഫണ്ട് വൗച്ചർ പരിശോധനയിൽ വ്യക്തമായത്

നികുതിയിനത്തിൽ സർക്കാരിലേക്ക് അടയ്ക്കേണ്ട 5537.15/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാഞ്ഞതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് നല്കിയ ഓഡിറ്റ് അന്വേഷണം .നം 10/19-20/05.01.22 നെ തുടർന്ന് രസീത് നമ്പർ . 121070101671/05.01.2022പ്രകാരം 5538/- രൂപ തനതു ഫണ്ടിൽ അടച്ച് രസീത് ഹാജരാക്കി പ്രസ്തുത തുക ആദായ നികുതി വകുപ്പിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-16 സാക്ഷരത തുല്യതാ പരീക്ഷ - രേഖകൾ ഹാജരാക്കിയില്ല

സാക്ഷരത തുല്യതാ പരീക്ഷ പ്രോജക്ടുകൾ പ്രകാരം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിൽ സംസ്ഥാന സാക്ഷരതാ മിഷനിൽ അടയ്ക്കുന്നതിനായി തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സാക്ഷരതാമിഷൻ തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ, പരീക്ഷ നടത്തിയിതിന്റെ വിവരങ്ങൾ, പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|
| ഹയർ സെക്കന്ററി തുല്യത,പ്രോജക്ട് നം.S0067/20) | 8 പഠിതാക്കൾക്ക് 2500 രൂപ വീതം 20000 രൂപ (ബിൽ നം.2/11.3.2020) |

| | |
|---|---|
| പത്താംതരം തുല്യതാ പരീക്ഷ (S0086/2020) | 6 പഠിതാക്കൾക്ക് 1850 രൂപ വീതം 11100 രൂപ(ബിൽ നം.3/11.3.2020) |

രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 31100 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-17 പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ: പ്രധാനാദ്ധ്യാപിക, ഗവ.ജെ ബി എസ്, കീഴ്മഴി

ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം (എസ് സി പി) പ്രോജക്ട് പ്രകാരം 360281 രൂപ (ബിൽ നം.1/25.1.2020) പിൻവലിച്ച് സി പി സി ആർ എസ് മുഖേന 13 ലാപ്പ്ടോപ്പുകൾ 27714 രൂപ നിരക്കിൽ വാങ്ങിയിരുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ അപാകതകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം | അപാകത |
|---|---|---|---|
| 1 | അനീഷ്യ. എൻ. ബി, ഞെട്ടുതറയിൽ | 1 | പഠിക്കുന്ന കോഴ്സ് സംബന്ധിച്ച് സ്ഥാപന മേധാവിയിൽ നിന്നുള്ള നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷത്തെ ഐ ഡി കാർഡ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. |
| 2 | അക്ഷയ് വേണുഗോപാൽ,കൊല്ലം തറയിൽ,മുതവഴി | 5 | പഠിക്കുന്ന കോഴ്സ് സംബന്ധിച്ച് സ്ഥാപന മേധാവിയിൽ നിന്നുള്ള നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 3 | സ്നേഹ.എസ്, വെഞ്ചാൽ,അഖിൽ ഭവനം, | | 2019-20 വർഷം പഠിക്കുന്നു എന്ന് തെളിയിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. |
| 4 | യദുകൃഷ്ണൻ. എ. ആർ വണ്ണാറത്തറ വന്മഴി | | സബ്സിഡി മാർഗ്ഗ രേഖകൾ പ്രകാരം ബിരുദ/ബിരുദാനന്തരം, പോളിടെക്നിക്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്, ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാവുന്നത്. എന്നാൽ ടി വിദ്യാർത്ഥി ഡെക്ക്-റേറ്റിംഗ് എന്ന പേരിലുള്ള ട്രെയിനിംഗിനാണ് പങ്കെടുക്കുന്നത് എന്ന് സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

മേൽ പ്രോജക്ട് പ്രകാരം 12 ഗുണഭോക്താക്കൾ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയത്. വിതരണം ചെയ്യാതെ അവശേഷിച്ച ഒരു ലാപ്ടോപ്പ് പഞ്ചായത്തിൽ ഏല്പിച്ചതായി പ്രധാന അധ്യാപിക ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ലാപ്ടോപ്പ് അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ 5(അഞ്ച്) ലാപ്ടോപ്പുകൾക്കായി ചെലവഴിച്ച 138570 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 249600 | നെൽക്കൃഷിക്ക് കൂലിചെലവ് സബ്സിഡി | 249600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 72742 | പുതിയ ഭവന നിർമ്മാണം ലൈഫ് മിഷൻ 2019-20 | 72742 | ० |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 50900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50900 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 114030 | നെൽക്കൃഷിക്ക് കൂലിചെലവ് സബ്സിഡി | 114030 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 387725 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 387725 | 0 |
| ജില്ലാപഞ്ചായത്ത് | 2019-20 | 16400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 16400 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | എൽ.എഫ്.511/2018 തീയതി 02-01-2019 | 934687 | 160000 | 262941 | | 671746 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-1` | 2007-08 | 3.2.3 | ആസൂത്രണ രാഹിത്യം 34.2 ലക്ഷം പാഴായി | ലഭ്യമായില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്ജ്/സർചാർജ്ജ് നടപടികൾ സ്വീകരിച്ചിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 35384623 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 29178413 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 169670 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 31100 | ബിനി പി. ,പ്രധാനാദ്ധ്യാപിക,ഗവ.ജെ ബി എസ് കീഴ്മൻമഴി |
| 1-17 | 138570 | ബിനി പി. ,പ്രധാനാദ്ധ്യാപിക,ഗവ.ജെ ബി എസ് കീഴ്മൻമഴി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി ബിനി. പി<br>എച്ച് എം | എച്ച് എം<br>ഗവ. എൽ പി എസ് കാരയ്ക്കാട് | പുഷ്പ വിലാസം ,ഉള്ളന്നൂർ പി ഓ, കുളനട |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 1998-99 | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 1999-2000 | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2002-03 (ചെലവ്) | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2003-04 (ചെലവ്) | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2004-05(ചെലവ് ) | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2005-06 | എൽ.എഫ് .ജി.എ5-1832 /11 Dt.1-2-2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577B/14 Dt.4-5-2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577B/14 Dt.4-5-2014 |
| 2008-09<br>2009-2010<br>2010-2011 | എൽ.എഫ്.ജി.എ5-1577B/14 Dt.4-5-2014 |
| 2011-2012<br>2012-2013 | എൽ.എഫ്.എ.പി 7-1250/14 Dt 29-08-2014/14-11-2014 |
| 2013-2014 | എൽ.എഫ്.എ.പി 7-679 / 15 Dt 16-07-2015/6-8-2015 |
| 2014-2015 | കെ.എസ്.എ-എ.എൽ.പി/പി 7/833/16 Dt 29.7.16/3.8.16 |
| 2015-16 | കെ.എസ്.എ-എൽ.പി/പി7-48 /17 Dt 21.01.17/7.2.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി 7-1254/17 Dt 25.10.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി 7-149/19 Dt 08.04.19 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി 7-1034/19 Dt 22.5.2020 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്